www.malankaralibrary.com

# റൂഹാദ്ക്കുദ്ശാ: സ്വർഗാരോഹിതനീശോയുടെ അനുപമ സമ്മാനം

**സി. റോസ്‌ലിൻ അറവാക്കൽ MTS,**
**ബേസ് തോമാ ദയ്റാ, പാലമറ്റം**

പൗരസ്ത്യ-പാശ്ചാത്യ പാരമ്പര്യങ്ങളിൽപ്പെട്ട എല്ലാ സഭകളും പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുന്ന ഈ നാളുകളിൽ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമാളായ റൂഹാ തമ്പുരാൻ നമ്മുടെ ധ്യാന മനനങ്ങളിൽ നിറയുന്നത് സ്വാഭാവികമാണ്. നമുക്കുവേണ്ടി പീഡകൾ സഹിച്ച്, സ്ലീവായിൽ മരിച്ച്, ഉത്ഥാനം ചെയ്തു സ്വർഗത്തിലേക്ക് ആരോഹണം ചെയ്ത്, പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്ന പുത്രൻ തമ്പുരാന്റെ അപേക്ഷ സ്വീകരിച്ച് എന്നേക്കും നമ്മോടുകൂടെയായിരിക്കുവാൻ വേണ്ടി അവന്റെ നാമത്തിൽ ബാവാതമ്പുരാൻ മനുഷ്യവംശത്തിനു നൽകിയ സഹായകനാണ് (പാറഖ്ലേഥാ) റൂഹാദ്ക്കുദ്ശാ (യോഹ 14:26). ബാവായ്ക്കും പുത്രനും സമനായ റൂഹായുടെ തനതാത്മകതയെ ഏറ്റവും മനോഹരമായി ചിത്രീകരിക്കുന്ന പാരമ്പര്യമാണ് സുറിയാനി സഭകൾക്കുള്ളത്. നമ്മുടെ പ്രാർത്ഥനകളിലും ഉന്നത ദൈവശാസ്ത്രജ്ഞന്മാരായ പിതാക്കന്മാരുടെ പ്രബോധനങ്ങളിലുമെല്ലാം റൂഹാ തമ്പുരാന്റെ സവിശേഷതകളെക്കുറിച്ചുള്ള വർണനകൾ നിറഞ്ഞു നിൽക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതാണ് ഇവിടെ പരാമർശിക്കപ്പെടുക.

### 1. റൂഹാദ്ക്കുദ്ശാ: തർജ്ജമയ്ക്കു വഴങ്ങാത്ത നാമം

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ത്രിത്വത്തിലെ മൂന്നാമത്തെ ആൾ അറിയപ്പെടുന്നത് റൂഹാദ്ക്കുദ്ശാ (Spirit of Holiness) എന്നാണ്. റൂഹാ, റൂഹാതമ്പുരാൻ, റൂഹാ ദൈവം, റൂഹാദ്ക്കുദ്ശാ തുടങ്ങിയ സംജ്ഞകൾ നാം പരമ്പരാഗതമായി മലയാളത്തിൽ ഉപയോഗിച്ചു പോരുന്നവയാണ്. എന്നാൽ ആധുനിക കാലത്ത് ആരാധനാഗ്രന്ഥങ്ങളിലും, വിശുദ്ധഗ്രന്ഥപരിഭാഷകളിലും പൊതുപ്രയോഗങ്ങളിലുമെല്ലാം റൂഹാദ്ക്കുദ്ശാ 'പരിശുദ്ധാത്മാവ്' എന്നു തർജ്ജമ ചെയ്തു വ്യാപകമായി ഉപയോഗത്തിലായിരിക്കുന്നു. എന്നാൽ ത്രിത്വത്തിലെ മൂന്നാം ആളിനെ സൂചിപ്പിക്കാൻ റൂഹായെന്ന സുറിയാനി പദം അതേപടി പരിഭാഷ ചെയ്യാതെ ഉപയോഗിച്ചിരുന്ന പാരമ്പര്യത്തിനുപിന്നിലുള്ള ഉന്നതമായ ദൈവശാസ്ത്രം മനസ്സിലാകാതെപോകുന്നതാണ് ഈ ആധുനിക പ്രവണതയ്ക്കു പ്രചാരം ലഭിക്കാൻ കാരണം. ആമ്മേൻ, ഹല്ലേലുയ്യാ, ഓശാന തുടങ്ങിയ പല പദങ്ങളും പരിഭാഷ ചെയ്യാതെ അതേപടി നാം ഉപയോഗിക്കുന്നത അവയുടെ ഗഹനമായ അർത്ഥമുൾക്കൊള്ളുന്ന അനുയോജ്യമായ പ്രയോഗങ്ങൾ പകരം നൽകാനുംമാത്രം നമ്മുടെ മലയാളഭാഷ സമ്പന്നമല്ലാത്തതിനാലാണ്. റൂഹാദ്ക്കുദ്ശായും മലയാളപരിഭാഷയ്ക്കു വഴങ്ങുന്നില്ല എന്നതാണ് യാഥാർത്ഥ്യം. റൂഹാ എന്ന സുറിയാനി പദത്തിന കാറ്റ്, ശ്വാസം, എന്നൊക്കെയാണ് അർത്ഥം. ഈ വാക്കിന spirit എന്നും അർത്ഥമുണ്ട്. ഈ അർത്ഥമാണ് മലയാളത്തിൽ ആത്മാവ് എന്നു പരിഭാഷ ചെയ്തിരിക്കുന്നത്. പക്ഷേ soul എന്ന പദവും മലയാളത്തിൽ ആത്മാവാണ്. എന്നാൽ body, soul, spirit എന്നിവ സുറിയാനിയിൽ പഗ്റാ, നവ്ശാ, റൂഹാ എന്നും ഗ്രീക്കിൽ soma, psyche, pneuma എന്നും പരിഭാഷ ചെയ്യാം. എന്നാൽ മലയാളത്തിൽ soul ആത്മാവാണ്, spirit ഉം സാമാന്യഗതിയിൽ ആത്മാവ് എന്നാണ് പരിഭാഷ ചെയ്യുന്നത്. എന്നാൽ ആത്മാവ് ഒരു വ്യക്തിയുടെ ശരീരത്തിൽ കുടികൊള്ളുന്ന ഭൗമിക ജീവനാണ്. ശരീരത്തിൽ നിന്ന് ആത്മാവ് പിരിയുമ്പോൾ വ്യക്തി ഭൗമിക മരണം അനുഭവിക്കുന്നു. എന്നാൽ റൂഹാ ഒരുവനിലുള്ള ദൈവികസാന്നിധ്യമാണ്, ദൈവത്തിന്റെ ശ്വാസം അഥവാ ദൈവിക ജീവനാണ്. അത് മറ്റാരുമല്ല ത്രിത്വത്തിലെ മൂന്നാം ആളായ റൂഹാദ്ക്കുദ്ശായാണ്. ഈ വാക്ക പരിശുദ്ധാത്മാവ് എന്ന് തർജ്ജമ ചെയ്യുമ്പോൾ റൂഹാ എന്ന വാക്കിന്റെ ആഴം ആത്മാവ് എന്ന വാക്കിന ഉൾക്കൊള്ളാനാകുന്നില്ല. അതുകൊണ്ടാണ് പരിഭാഷയ്ക്കു വഴങ്ങാത്ത ഈ അതുല്യനാമം അതേപടി നിലനിർത്താൻ നമ്മുടെ പൂർവികർ ശ്രമിച്ചത്. പരിശുദ്ധ റൂഹാ എന്ന പ്രയോഗവും ഉപയോഗത്തിലുണ്ട്. അപ്പോഴും റൂഹാ പരിഭാഷപ്പെടുത്താതെ നിലനിറുത്തുന്നു. റൂഹാദ്ക്കുദ്ശാ എന്ന പരമ്പരാഗത നാമത്തിന്റെ ഗഹനമായ അർത്ഥം ഉൾക്കൊള്ളാൻ കഴിയാത്ത പരിശുദ്ധാത്മാവ് എന്ന പ്രയോഗത്തിന്റെ പരിമിതി മനസ്സിലാക്കി നമ്മുടെ പ്രാർത്ഥനകളിലും, പ്രഭാഷണങ്ങളിലും, രചനകളിലുമാക്കെ റൂഹാദ്ക്കുദ്ശാ എന്ന പ്രയോഗം ഉപയോഗിക്കാൻ നമുക്ക് ശ്രമിക്കാം. ഇത്ര സമ്പന്നമായ ഈ ദൈവനാമം നഷ്ടമാകാതെ അടുത്ത തലമുറക്കു കൈമാറേണ്ട നമ്മുടെ ഉത്തരവാദിത്വം നമുക്ക് മറക്കാതിരിക്കാം.

www.malankaralibrary.com

**2. റൂഹാദ്ക്കുദ്ശായുടെ ശൂന്യവത്ക്കരണം**

തന്റെ ദൈവ മഹത്ത്വം മാറ്റി വച്ച് മനുഷ്യനായി തീർന്ന ഈശോമ്ശീഹായുടെ ശൂന്യവത്ക്കരണം പലപ്പോഴും നമ്മുടെ ധ്യാനവിഷയമാകാറുണ്ട്; എന്നാൽ പരിശുദ്ധ റൂഹായുടെ ശൂന്യവത്ക്കരണമോ? ബാവാതമ്പുരാനും പുത്രൻതമ്പുരാനും മുഖം നൽകാൻ ഒരു പക്ഷേ നമ്മുടെ മനസ്സിനു കഴിയും. എന്നാൽ റൂഹാതമ്പുരാനോ? നമ്മുടെ ശ്രമം ഒരു പക്ഷേ പറന്നിറങ്ങുന്ന ഒരു പ്രാവിലോ, ഒരു അഗ്നിനാവിലോ ഒതുങ്ങും. കാരണം ത്രിത്വത്തിലെ മറ്റു രണ്ടു പേരോടും സമനാണെങ്കിലും ഒരിക്കലും സ്വയം ആവിഷ്ക്കരിക്കാൻ ശ്രമിക്കാതെ ബാവായെയും പുത്രനെയും വെളിപ്പെടുത്താൻ അജ്ഞാതനായിരുന്നുകൊണ്ടു ശ്രമിക്കുന്നവനാണ് റൂഹാദൈവം. മറഞ്ഞിരുന്നുകൊണ്ട് പ്രവർത്തനനിരതനായിരിക്കുന്ന റൂഹായുടെ ശൂന്യവത്ക്കരണത്തിൽ നിന്നു ശ്രേഷ്ഠപാഠങ്ങൾ ഉൾക്കൊള്ളാൻ നമുക്കാവണം.

**3. സ്ത്രൈണ ഭാവങ്ങൾ നിറഞ്ഞ റൂഹാദ്ക്കുദ്ശാ**

റൂഹാ എന്ന സുറിയാനി പദവും അതിനു തുല്യമായ റൂആഹ് എന്ന ഹീബ്രു പദവും ഭാഷാപരമായി നോക്കുമ്പോൾ സ്ത്രീലിംഗപ്രയോഗങ്ങളാണ്. ഭാഷയുടെ തനതാത്മകതയായ ഈ സ്ത്രീലിംഗ പ്രയോഗം പക്ഷേ പിന്നീട് ക്രമേണ റൂഹാദ്ക്കുദ്ശാ എന്ന പദത്തിന്റെ വ്യാപകമായ അർത്ഥത്തിലേക്കു കയറുവാൻ തുടങ്ങി. ത്രിത്വത്തിലെ മൂന്നാം ആളിന്റെ പ്രവർത്തനങ്ങൾക്കു സ്ത്രൈണഭാവം നൽകുന്ന രീതി ആദ്യ നൂറ്റാണ്ടുകളിൽ സുറിയാനി സഭകളിൽ വ്യാപകമായി. റൂഹായെ അമ്മയായും അവിടുത്തെ പ്രവർത്തനങ്ങളെ സ്ത്രീസഹജമായ ശുശ്രൂഷകളായും ചിത്രീകരിക്കുന്ന രീതി സുറിയാനി സഭകളിൽ വളർന്നു വന്നു. ഉദാഹരണത്തിനു സൃഷ്ടിയുടെ പ്രാരംഭത്തിൽ റൂഹാ ജലത്തിന്റെമേൽ ആവസിച്ച് ജീവൻ നൽകുന്ന വിവരണത്തിൽ 'റഹേപ്പ്' എന്ന സുറിയാനിപദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ക്രിയാപദത്തിന്റെ അർത്ഥം പക്ഷിപോലെ മീതെ പറക്കുക എന്നാണ്. ഇതേ പദമാണ് റൂഹാദ്ക്കുദ്ശായുടെ കൂദാശകളിലുള്ള പ്രവർത്തനത്തെ സൂചിപ്പിക്കാൻ സുറിയാനി സഭകളുടെ ആരാധനാപാരമ്പര്യത്തിൽ ഉപയോഗിക്കുന്നത്. തള്ളപക്ഷി തന്റെ കുഞ്ഞുങ്ങളെ ജീവൻ നൽകി സംരക്ഷിക്കുന്നതുപോലെയാണ് കൗദാശിക ജീവിതം നയിക്കുന്ന സഭാമക്കളെ റൂഹാതമ്പുരാൻ പരിപാലിക്കുന്നത് എന്നതാണ് ഈ പ്രയോഗത്തിലൂടെ വിവക്ഷിക്കുക. സുറിയാനി സഭാപശ്ചാത്തലത്തിൽ രൂപംകൊണ്ട ആദ്യകാല സാഹിത്യകൃതികളായ സോളമന്റെ ഗീതങ്ങളിലും (Odes of Solomon), മാർ തോമായുടെ നടപടിയിലും (Acts of Judah Thomas), പിതാക്കന്മാരായ അഫ്രഹാത്തിന്റെയും അപ്രേമിന്റെയും കൃതികളിലും വിശ്വാസിയുടെ ജീവിതത്തിൽ റൂഹായുടെ പ്രവർത്തനം അമ്മ തന്റെ കുഞ്ഞിനെ ജീവൻ നല്കി. സംരക്ഷിക്കുന്നതുപോലെയാണ് എന്നു വിവരിച്ചിട്ടുണ്ട്. ഏകദേശം അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ റൂഹായെ സൂചിപ്പിക്കാനുള്ള സ്ത്രീലിംഗ പ്രയോഗം അപ്രത്യക്ഷമായെങ്കിലും റൂഹായുടെ മാതൃസഹജമായ പരിരക്ഷണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ സുറിയാനി ആത്മീയകൃതികളിൽ എന്നും നിറഞ്ഞു നിൽക്കുന്നു.

**4. മാമ്മോദീസാ: റൂഹാദ്ക്കുദ്ശായിലുള്ള രണ്ടാം ജനനം**

സുറിയാനി സഭാപിതാവായ അഫ്രഹാത്തിന്റെ വീക്ഷണത്തിൽ മാമ്മോദീസ റൂഹാദ്ക്കുദ്ശായിലുള്ള രണ്ടാം ജനനമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തി ഈശോമ്ശീഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു വീണ്ടും ജനിക്കുന്നു. ഈ പുതുജീവൻ അയാൾക്ക് കരഗതമാകുന്നത് റൂഹായുടെ നിരന്തരമായ പ്രവർത്തനത്തിലൂടെയാണ്. ഒരു ശിശുവിന്റെ ജീവൻ അതിന്റെ അമ്മയുടെ ജീവനുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നതു പോലെ മാമ്മോദീസാ സ്വീകരിച്ചു സഭയിൽ അംഗത്വം നേടിയ വ്യക്തിയുടെ ദൈവികജീവൻ റൂഹായുമായി ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. റൂഹാ ആ വ്യക്തിക്ക് അമ്മയാണ്. മാമോദീസാവേളയിൽ പുരോഹിതന്റെ റൂഹാക്ഷണപ്രാർത്ഥന വഴി സ്വർഗം തുറന്ന് ഇറങ്ങി വരുന്ന റൂഹാതമ്പുരാൻ മാമ്മോദീസാ ജലത്തിൻമേൽ ആവസിച്ച് ആ ജലം മാമ്മോദിസാ സ്വീകരിക്കുന്ന വ്യക്തിക്ക് ആത്മീയ ജനനത്തിനുള്ള ഗർഭപാത്രമായി മാറ്റുന്നു. ഈ വീക്ഷണത്തിലാണ് റൂഹാ ഒരമ്മയുടെ ദൗത്യമാണ് നിർവഹിക്കുന്നത് എന്ന് പറയുന്നത്. മാർ അപ്രേമും മാമ്മോദീസാതൊട്ടിയെ സഭയുടെ ഗർഭപാത്രമായി വിശേഷിപ്പിക്കാറുണ്ട്. തുടർന്ന് ഈ വ്യക്തിയുടെ ആത്മീയ ജീവിതത്തിൽ ഉടനീളം റൂഹാ അമ്മയെപ്പോലെ അയാളെ അനുയാത്ര ചെയ്യുന്നുണ്ട്. അഫ്രഹാത്തിന്റെയും അപ്രേമിന്റെയും വീക്ഷണത്തിൽ മാമ്മോദീസാ സ്വീകരിക്കുന്ന വ്യക്തി റൂഹായെ വസ്ത്രംപോലെ ധരിക്കുകയാണ്. മാമ്മോദീസാവേളയിൽ അർത്ഥിക്ക് നൽകുന്ന വെള്ള വസ്ത്രത്തിന്റെ പ്രതീകാത്മകതയിൽ ഈ അർത്ഥവും അന്തർലീനമാണ്. മാർ അപ്രേമിന്റെ വാക്കുകളിൽ മനുഷ്യാവതാരവേളയിൽ നമ്മുടെ ശരീരം ഈശോയുടെ വസ്ത്രമായി, നമ്മുടെ

www.malankaralibrary.com

മാമ്മോദീസാവേളയിലാകട്ടെ അവന്റെ റൂഹാ നമ്മുടെ വസ്ത്രമായി. ചുരുക്കത്തിൽ റൂഹായുടെ സ്നേഹം രക്ഷയുടെ വസ്ത്രമായി നമ്മെ പൊതിഞ്ഞ് സംരക്ഷിക്കുന്നു.

**5. റൂഹാദ്ക്കുദ്ശായുടെ പ്രതീകങ്ങൾ**

എപ്പോഴും തിരശീലയുടെ പിന്നിലായിരിക്കുന്ന റൂഹാതമ്പുരാന്റെ പ്രവർത്തനങ്ങളെ സൂചിപ്പിക്കാൻ സഭയിൽ നിരവധി പ്രതീകങ്ങളും അടയാളങ്ങളും പരമ്പരാഗതമായി ഉപയോഗിച്ചു പോരുന്നു.

1. ജലം - സ്ലീവായിൽ കിടന്ന ഈശോയുടെ പിളർക്കപ്പെട്ട പാർശ്വത്തിൽ നിന്നൊഴുകിയ ജലം റൂഹായുടെ പ്രതീകമാണ്, ഒപ്പം മാമ്മോദീസായുടെയും.

2. തൈലം - തൈലംകൊണ്ടുള്ള അഭിഷേകം റൂഹായുടെ പ്രതീകമായാണ് ആദിമസഭ പരിഗണിച്ചിരുന്നത്. മ്ശീഹാ അഭിഷിക്തനായതുപോലെ അവനിൽ വിശ്വസിക്കുന്നവനും റൂഹായാൽ അഭിക്ഷിക്തനാകുന്നുവെന്നത് സഭയുടെ വിശ്വാസമാണ്.

3. അഗ്നി - റൂഹായുടെ ശക്തമായ മറ്റൊരു പ്രതീകമാണ് അഗ്നി. തീനാവുകളുടെ രൂപത്തിൽ പെന്തക്കുസ്താനാളിൽ ശിഷ്യസമൂഹത്തിൽ ആവസിച്ച റൂഹായുടെ പവിത്രീകരിക്കാനുള്ള കഴിവാണ് ഈ പ്രതീകം വെളിവാക്കുക.

4. മേഘം, പ്രകാശം - ഈശോയുടെ രൂപാന്തരീകരണവേളയിലും (ലൂക്കാ 9: 34 - 35) സ്വർഗാരോഹണ സമയത്തും (നട 1:9) ഈ പ്രതീകങ്ങൾ റൂഹായുടെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു.

5. മുദ്ര പതിക്കുക - കൂദാശകളുടെ പരികർമ്മവേളയിലെ റൂശ്മാ അഥവാ മുദ്രവയ്ക്കൽ റൂഹായുടെ സാന്നിധ്യത്തെ പ്രഘോഷിക്കുന്നു. മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകളിലൂടെ റൂഹാ അത് സ്വീകരിക്കുന്ന വ്യക്തിയുടെ ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു. അതിനാൽ ഈ കൂദാശകൾ ഒരിക്കൽ മാത്രമേ സ്വീകരിക്കാൻ കഴിയൂ.

6. കൈവയപ്പ് ശുശ്രൂഷ - പരിശുദ്ധ കുർബാനയിലെ റൂഹാക്ഷണപ്രാർത്ഥനയിലും തിരുപ്പട്ട ശുശ്രൂഷയിലും റൂഹായുടെ ആഗമനം കൈവയ്പ്പു ശുശ്രൂഷയിലൂടെയാണ് സംഭവിക്കുന്നത് എന്ന് സഭ വിശ്വസിക്കുന്നു.

7. പ്രാവ് - ഈശോയുടെ മാമ്മോദീസാ വേളയിൽ റൂഹാ പ്രാവിന്റെ രൂപത്തിലാണ് പ്രത്യക്ഷനായത്.

**6. സഭയിലെ നിരന്തര പെന്തക്കുസ്താ**

മാമ്മോദീസായിലെന്നപോലെ ഇതര കൂദാശകളിലും സവിശേഷമായി പരിശുദ്ധ കുർബാനയിലുമുള്ള റൂഹായുടെ സാന്നിധ്യം സഭയെ നിരന്തര പെന്തക്കുസ്തായുടെ വേദികയാക്കുന്നു. മാർ അപ്രേമിന്റെ പ്രബോധനമനുസരിച്ച് സെഹിയോൻ ഊട്ടുശാലയും സ്ലീവായും മദ്ബഹായും റൂഹായുടെ പ്രവർത്തനത്താൽ പരസ്പര ബന്ധിതങ്ങളാണ്. സെഹിയോൻ ശാല യഥാർത്ഥത്തിൽ മ്ശീഹായുടെ ബലി അഥവാ കുർബാനയർപ്പിക്കപ്പെട്ട പ്രഥമ മദ്ബഹായായിരുന്നു. അവിടെ അപ്പം മുറിച്ച മ്ശീഹാ തന്നെയാണ് സ്ലീവായിൽ അർപ്പിതനായത്. സ്ലീവായിൽ മഹത്ത്വീകൃതനായ മ്ശീഹാ റൂഹായിലൂടെ തന്നെ തന്നെ സമർപ്പിക്കുകയും വെളിവാക്കുകയും ചെയ്തുകൊണ്ട് സഭയുടെ പീഠത്തിൽ - പരിശുദ്ധ കുർബാനയിൽ - തന്റെ ബലി കൗദാശികമായി തുടരുന്നു.

പരിശുദ്ധ കന്യകാമറിയത്തിൽ ആവസിച്ച റൂഹായാൽ അവളിൽ പുത്രൻ തമ്പുരാൻ ജന്മമെടുത്തതുപോലെ മദ്ബഹായിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന അപ്പത്തിലും വീഞ്ഞിലും റൂഹായിറങ്ങി അവയെ പുത്രന്റെ തിരുശരീര രക്തങ്ങളാക്കി മാറ്റുന്നു. പ്രപഞ്ചോല്പത്തിയിലെയും, മംഗളവാർത്തയിലെയും, യോർദ്ദാനിലെയും, പെന്തക്കുസ്തായിലെയും റൂഹായുടെ ആവാസം തന്നെയാണ് കുർബാനയിലും സംഭവിക്കുക. പെന്തക്കുസ്തായിൽ നടന്ന പുന:സൃഷ്ടി കുർബാനയിലും തുടരുന്നു. അപ്പത്തിന്റെയും വീഞ്ഞിന്റെയും മേലുള്ള റൂഹായുടെ ആവാസം അപ്പത്തെ ജീവന്റെ അപ്പവും അത് സ്വീകരിക്കുന്നവരെ റൂഹായുടെ ആലയങ്ങളുമാക്കി മാറ്റുന്നു.

പരിശുദ്ധ കുർബാനയിലുള്ള റൂഹായുടെ സാന്നിധ്യം അതിനെ സിദ്ധൗഷധവും തീക്കട്ടയുമായി പരിണമിപ്പിക്കുന്നു. ഐഹിക ജീവിതത്തിൽ മ്ശീഹാ സിദ്ധൗഷധമായിരുന്നു. അനേകർ അവനിൽ നിന്ന് സൗഖ്യം സ്വീകരിച്ചു. ഉത്ഥാനശേഷം ഈശോ ഈ സൗഖ്യദായക ദൗത്യം തുടരുന്നത് കുർബാനയിലാണ്. ദൃശ്യമായ അപ്പത്തിൽ ഒളിഞ്ഞിരിക്കുന്ന റൂഹായാണ് യഥാർത്ഥ ഔഷധം. ഈ ഔഷധം കുർബാനയെ ജീവന്റെ അപ്പമാക്കുന്നു. അതു ഭക്ഷിക്കുന്നവർക്കു നഷ്ടപ്പെട്ടുപോയ ജീവൻ തിരിച്ചു കിട്ടുന്നു. കുർബാന വഴി ഇതു സാധ്യമാക്കുന്നത് റൂഹായാണ്. അങ്ങനെ കുർബാന നിരന്തര പെന്തക്കുസ്തായുടെ വേദികയാകുന്നു. പരിശുദ്ധ കുർബാനയിൽ ജീവന്റെ അപ്പം സ്വീകരിക്കുന്നവരെ അതിൽ കുടികൊള്ളുന്ന റൂഹായാകുന്ന തീക്കട്ട പവിത്രീകരിക്കുന്നു. അവരിൽ വാസമുറപ്പിച്ച് അവരെ ദൈവാലയങ്ങളാക്കുന്നു. അവരുടെ ഹൃദയങ്ങൾ റൂഹായുടെ സാന്നിധ്യം കുടികൊള്ളുന്ന

www.malankaralibrary.com

മദ്ബഹാകളായി മാറുന്നു. അവിടെ അവർ സ്വജീവിതങ്ങളെ കർത്താവിന പ്രിയങ്കരങ്ങളായ ബലിയായി അർപ്പിക്കുന്നു. ഇപ്രകാരം വിശ്വാസി സമൂഹത്തിൽ പെന്തക്കുസ്താ എന്നും എപ്പോഴും തുടരുന്നു.

**ഉപസംഹാരം**

മാമ്മോദീസായിൽ നമുക്ക് ദാനമായി ലഭിച്ച റൂഹാദ്ക്കുദ്ശായാകുന്ന സഹായകന്റെ നമ്മുടെ ഹൃദയത്തിലുള്ള സാന്നിധ്യത്തെക്കുറിച്ച് നാം അവബോധമുള്ളവരാകണം. നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന, സ്നേഹിക്കാൻ പഠിപ്പിക്കുന്ന, കൂട്ടായ്മയിൽ ജീവിക്കാൻ പ്രചോദിപ്പിക്കുന്ന റൂഹായുടെ നിമന്ത്രണങ്ങൾക്ക് നിരന്തരം കാതോർക്കാൻ നമുക്കാകട്ടെ. 'പരിശുദ്ധാത്മാവേ ... നീ എഴുന്നള്ളി ... വരണമേ എന്റെ ഹൃദയത്തിൽ' എന്ന പതിവ് ഗാനാലാപനത്തിന നമുക്ക് അവധി കൊടുക്കാം. റൂഹായെ നാം ഇനിയും ക്ഷണിച്ചുകൊണ്ടിരിക്കേണ്ടവരല്ല. കാരണം മാമ്മോദീസായിൽ നാം റൂഹാലയങ്ങളായവരാണ്. നമ്മുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്ന റൂഹായുടെ സാന്നിധ്യത്തെ ഉജ്ജ്വലിപ്പിക്കാനാണ് നാം ശ്രമിക്കേണ്ടത്. നമ്മുടെ ഉള്ളിലുള്ള റൂഹായെ വിഷമിപ്പിക്കാൻ ഒരിക്കലും ഇട നൽകാതിരിക്കാം. ഒരു അമ്മയുടെ സ്നേഹത്തോടും കരുതലോടും കൂടെ നമ്മെ പൂർണതയിലേക്കു നടത്തുന്ന റൂഹായുടെ സാന്നിധ്യത്തിലും സാമിപ്യത്തിലും നിരന്തരമായിരിക്കാൻ നമുക്കാകട്ടെ. സഭയുടെ മടിയിലായിരുന്ന് നാം നയിക്കുന്ന കൗദാശിക ജീവിതത്തിലൂടെ പെന്തക്കുസ്തായുടെ നിരന്തര അനുഭവത്തിലായിരിക്കുവാൻ നമുക്കു ശ്രമിക്കാം.